കാഷ്യൂ ഫാക്ടറി

15 (51) ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കാഷ്യൂ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുത്തു നടത്തുന്നുണ്ടോ;

(ബി) കണ്ണൂർജില്ലയിലുള്ള യുണൈറഡ് കാഷ്യൂ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പൂട്ടിയിടപ്പെട്ടിട്ട് എത്ര നാളുകളായി;

(സി) പ്രസ്തുത സ്ഥാപനം ഗവൺമെൻറ് ഏറ്റെടുത്ത് നടത്താമെന്ന് ഉറപ്പു കൊടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുവരെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;?

ഉത്തരം

(എ) ഇല്ല.

(ബി) രണ്ടുവർഷത്തിനുമേലായി. 7-9-1967-മുതൽ പൂട്ടിയിട്ടു.

(സി) ശരിയല്ല. എന്നാൽ ഈയിടെ രൂപീകരിച്ച കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഈ ഫാക്ടറി ഏറ്റെടുത്തുനടത്തുന്നകാര്യം പരിഗണിച്ചുവരുകയാണ്.

(ഡി) ഇല്ല.

ബി. ഫാം കോഴ്സ്

16 (72) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബി. ഫാം. കോഴ്സിൽ പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടോ?

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

(സി) മെഡിക്കൽ കോളേജിലുള്ള എം. ബി. ബി എസ്സിനും മറ്റു പ്രത്യേകമായ ഡിപ്പാർട്ടുമെൻറുകളും അവർക്ക് അദ്ധ്യക്ഷൻമാരും ഉണ്ടായിരിക്കുമ്പോഴും ബി. ഫാം കോഴ്സിനുമാത്രം ഡിപ്പാർട്ടുമെൻറുകളും അദ്ധ്യക്ഷൻമാരും ഇല്ലാത്തതുകൊണ്ട് അദ്ധ്യയനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ഗവൺമെൻറിനറിയാമോ?

(ഡി) ഈ കോഴ്സിന് പ്രത്യേക ഡിപ്പാർട്ടുമെൻറ് രൂപീകരിക്കുവാനും അതിന് ഒരു അദ്ധ്യക്ഷനെ നിയമിക്കുവാനും ഉത്തരവിടുമോ?

ഉത്തരം

(എ) ആൻഡ് (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി. ഫാർമസി കോഴ്സിന് ഇപ്പോഴും ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ഇല്ല. പക്ഷേ താമസിയാതെ അതിനൊരു ഡിപ്പാർട്ടുമെൻറ് രൂപീകരിക്കുന്നതാകുന്നു. ഈ ഡിപ്പാർട്ടുമെൻറിലേക്ക് ഒരു ഡയറക്ടരുടെ തസ്തിക അനുവദിച്ചിട്ടുള്ളതും അതിൽ നിയമനം താമസിയാതെ നടക്കുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബി. ഫാർമസി വിദ്യാർത്ഥികളും മെഡിക്കൽ കോളേജിൽ അദ്ധ്യയനത്തിനായി ഈ വർഷാരംഭത്തിൽ മാത്രം വന്നുചേരുന്നതും ഇതുവരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിന്റെ ആവശ്യം ഇല്ലാത്തതുമാകുന്നു. അദ്ധ്യയനം കാര്യക്ഷമമായി നടക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. അദ്ധ്യയനം ആദ്യത്തെ രണ്ട് സംവൽസരം യൂണിവേഴ്സിറ്റി കോളേജിലും എൻജിനിയറിംഗ് കോളേജിലും ആണ് നടക്കുന്നത്.

(ഡി) ഈ കോഴ്സിന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറും അദ്ധ്യക്ഷനും താമസിയാതെ ഉണ്ടാകുന്നതാകുന്നു.

ADJOURNMENT MOTIONS

Police excesses on agricultural labourers at Thazhakkara in Mavelikara.

മി. സ്പീക്കർ: മാവേലിക്കര താലൂക്കിലെ തഴക്കര എന്ന സ്ഥലത്ത ഈ മാസം 10–ാം തീയതി കർഷകത്തൊഴിലാളികളെ ലാത്തിച്ചാർജ് 9 a.m. ചെയ്യുകയും അവരിൽ 79 പേരെ അറസ്റ്റു ചെയ്യുകയും രാത്രികാലങ്ങളിൽ അവരുടെ വീട്സർച്ച് ചെയ്യുകയും സ്ത്രീ പുരുഷൻമാരെ മർദ്ദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്തയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഈ നിയമസഭയുടെ ഇന്നത്തെ നടപടികളും നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞച്ചൻ റൂൾ 49 അനുസരിച്ച് ഒരുനോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഇതിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് ഞാൻ അടുത്ത ദിവസം പ്രസ്താവിക്കാം.

CALLING ATTENTION UNDER RULE 61

Strike by the Employees of the Woodlands Hotel in Ernakulam.

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ എറണാകുളം വുഡ് ലാൻഡ്സ് ഹോട്ടലിൽ നടക്കുന്ന പണിമുടക്ക് സമരത്തെ സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം തന്നിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതാണ്ട് രണ്ടു മാസത്തിൽ കൂടുതലായി നടന്നുവരുന്ന ഒരു പണിമുടക്കിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാനുദ്ദേശിക്കുന്നത്. 12–10–1969 മുതൽ പണിമുടക്കുകയും തലേനാൾ മുതൽക്ക് ഹോട്ടൽ പൂട്ടിയിട്ടതിനേയും പേരിലുള്ള പ്രശ്നമാണ് എറണാകുളത്ത് നടക്കുന്നത്. ഏതാണ്ട് മൂന്ന് നാലായിരം രൂപാ പ്രതിദിനം പിരിവുള്ള കേരളത്തിലെ പ്രധാനപ്പെട്ട വുഡ് ലാൻഡ്സ് ഹോട്ടലിലാണ് ഈ സമരം നടക്കുന്നത്. ന്യായമായി തൊഴിലാളികൾ കൂലിക്കൂടുതലടക്കമുള്ള ആവശ്യങ്ങൾ നേടിയെടുക്കാൻ മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ കൂടിയാലോചന നടക്കുന്നതിന് മുൻപ് തന്നെ തൊഴിലാളികളെ പിരിച്ചു വിടുകയും ചെയ്തതിനുശേഷം ഉണ്ടായതാണ് ഈ സമരം. ന്യായമായ ഈ സമരം ആരംഭിച്ചശേഷം ഡി. എൽ. ഒ. ഒരു പ്രാവശ്യവും ലേബർ കമ്മീഷണർ മറ്റൊരു പ്രാവശ്യവും കാൺഫറൻസ് വിളിച്ചു. ഈ കോൺഫറൻസുകളിലൊന്നും ഹോട്ടലുടമ ഹാജരായില്ല. വക്കീലിനെ പറ

LIBRARY ARCHIVES Kerala Legislative Assembly